**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 915** **30-06-2022 - ൽ മറുപടിയ്ക്ക്**

**ബഫർ സോൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ. എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യമൃഗ സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും ഒരു കിലോമീറ്റർ ബഫർസോൺ ആയി പ്രഖ്യാപിച്ച ബഹു.സുപ്രീം കോടതി വിധി നടപ്പാക്കുന്നതോടുകൂടി വനാതിർത്തികളിലുള്ള മലയോര കർഷകരുടെ കൃഷിഭൂമി വനം വകുപ്പിന്റെ നിയന്ത്രണങ്ങൾക്കും നിരോധനങ്ങൾക്കും വിധേയമായി തീരുമെന്ന ആക്ഷേപം വസ്തുതാപരമാണോ; വിശദാംശം നൽകുമോ ; | (എ) | **കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കത്ത് നം. F No.1-9/2007 WL-1 (pt) തീയതി 09.02.2011 കത്ത് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (Prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (Regulated) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതോടൊപ്പം മഴവെള്ള സംഭരണം, ജൈവകൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും നിർദ്ദേശമുണ്ട്. ആയതിനാൽ ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതുമൂലം മലയോര കർഷകരുടെ കൃഷിഭൂമി വനം വകുപ്പിന്റെ നിയന്ത്രണങ്ങൾക്കും നിരോധനങ്ങൾക്കും വിധേയമാകുമെന്ന ആക്ഷേപം വസ്തുതാപരമല്ല.** |
| (ബി) | ബഫർ സോണിൽ ഏതൊക്കെ കൃഷി നടത്താമെന്നത് സംബന്ധിച്ച് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ വനംവകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (ബി) | **സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിലോ ഉത്തരവുകളിലോ കൃഷി നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി വേണമെന്ന നിബന്ധന ഉൾപ്പെടുന്നില്ല. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 09.02.2011-ൽ ഈ വിഷയത്തിൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ജൈവകൃഷി, ഹരിത സാങ്കേതിക വിദ്യ സ്വീകരിക്കൽ എന്നിവയെ പ്രോത്സാഹിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. ഇക്കോ സെൻസിറ്റീവ് സോണിൽ കൃഷി നടത്തുന്നത് സംബന്ധിച്ച് സംസ്ഥാന വനം വകുപ്പ് പ്രത്യേകമായി മാർഗ്ഗ നിർദ്ദേശങ്ങൾ ഒന്നും തന്നെ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.** |

| | | | |
|---|---|---|---|
| (സി) | ബഫർസോൺ മേഖലയായി നിലവിൽ വിജ്ഞാപനം ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ കൃഷി അനുവദിച്ചിട്ടുണ്ടോ ; പ്രസ്തുത കാർഷിക വിളകൾ വിളവെടുത്ത് വിൽപ്പന നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; | (സി) | **ഇക്കോ സെൻസിറ്റീവ് സോണായി വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിൽ കൃഷി നടത്തുന്നതിനോ കാർഷിക വിളകൾ വിളവെടുത്ത് വിൽപ്പന നടത്തുന്നതിനോ, നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ/ ഉത്തരവുകൾ പ്രകാരം തടസ്സങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല.** |
| (ഡി) | ബഫർസോൺ വിഷയത്തിൽ കർഷകരുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്ന രീതിയിൽ സെൻട്രൽ എംപവർ കമ്മിറ്റിയിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഡി) | **ബഹു. സുപ്രീം കോടതിയുടെ, 03-06-2022-ലെ വിധി വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് 08-06-2022-ന് അഡ്വക്കേറ്റ് ജനറലിലെ കൂടി ഉൾപ്പെടുത്തി ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ, പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട് ശേഖരിക്കുന്നതിനും, നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുമ്പാകെയുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ, ബഹു.സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി, അംഗീകാരം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനും, ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്മേൽ, റിവ്യൂ പെറ്റീഷൻ സമർപ്പിക്കുന്നതിനും, കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ, കേന്ദ്ര സർക്കാരിനെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും, ബഹു. സുപ്രീം കോടതിയെയും ബോദ്ധ്യപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ടി തീരുമാന പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച വരികയാണ്.** |

സെക്ഷൻ ഓഫീസർ